പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3330 | 14/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**മുടങ്ങിയ ശമ്പളം വിതരണം ചെയ്യാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ന്യൂട്രീഷ്യൻ ബ്യൂറോയിലെ ജീവനക്കാരുടെ ശമ്പളം ആറുമാസമായി മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ; | എ)<br>&<br>ബി) | ഉണ്ട്.അയഡിൻ അപര്യാപ്ത രോഗങ്ങളുടെ നിയന്ത്രണത്തിലുള്ള ദേശീയ പരിപാടി 60% സെൻട്രലി സ്പോൺസേർഡ് സ്കീം (CSS) ആണ്. കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ടെങ്കിലും സംസ്ഥാന ബജറ്റിൽ ഈ പദ്ധതിയ്ക്കായി ശീർഷകം അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ജീവനക്കാർക്ക് ശമ്പളം നൽകുവാൻ കഴിയുന്നില്ല. ഓരോ സാമ്പത്തിക വർഷത്തിലും 2210-06-101-68- NP എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ച് നൽകുമ്പോഴാണ് ഈ ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. സംസ്ഥാന ബജറ്റിൽ ഈ പദ്ധതിയ്ക്കായി ശീർഷകം അനുവദിക്കുന്നതിനും കുടിശ്ശിക സഹിതമുള്ള ശമ്പളം വിതരണം ചെയ്യുന്നതിനുമായുള്ള ഈ വകുപ്പിന്റെ ഇ 2/629/2017/ആകുവ എന്ന ഫയൽ ധന കാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |
| ബി) | കുടിശ്ശിക സഹിതമുള്ള ശമ്പളം വിതരണം ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ